# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4865 — 01.07.2013-ൽ മറുപടിയ്ക്ക്

**സാമൂഹ്യ വനവത്ക്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായികഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തു; ആയതിന് എന്ത് തുക ചെലവാക്കി;വ്യക്തമാക്കുമോ ; | എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കൊല്ലം, എറണാകുളം, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയണുകളിലായി 3,64,90,010 എണ്ണം വൃക്ഷതൈകൾ വിതരണം ചെയ്തു. ആയതിന് 27,24,25,943/- രൂപ ചെലവായി. |
| ബി) വിതരണം ചെയ്ത വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ; അറിയിക്കുമോ ; | ബി) വിതരണംചെയ്ത വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനും, പരിപാലിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും നടത്തുന്നു. സ്കൂളുകളിൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന റിപ്പോർട്ട് ശേഖരിക്കാറുണ്ട്. സ്വകാര്യ ഭൂമിയിലെ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത 10 ഇനം വൃക്ഷങ്ങൾക്ക് ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. കൂടാതെ വഴിയോരത്തണൽ, ഹരിത തീരം, ബ്ലോക്ക് പ്ലാന്റിംഗ് എന്നീ പദ്ധതികൾ മുഖാന്തിരം നട്ടു വളർത്തുന്ന തൈകൾക്ക് പ്ലാന്റിംഗ് വർഷം ഉൾപ്പെടെ 3 വർഷം തുടർ പരിചരണം നടത്തി വരുന്നു. |
| സി) ഈ കാലയളവിനുള്ളിൽ വിതരണം ചെയ്ത തൈകളിൽ എത്രയെണ്ണം നിലനിൽക്കുന്നുണ്ട് ; പരിശോധിച്ചിട്ടുണ്ടോ ; | സി) യും ഡി) യും പരിശോധിച്ചിട്ടുണ്ട്. പരിശോധനയിൽ വിവിധ സ്കീമുകളിലായി വിതരണം ചെയ്ത തൈകളിൽ 63.3% വൃക്ഷത്തൈകൾ നിലനിൽക്കുന്നുണ്ട്. |
| ഡി) എങ്കിൽ, വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ